# സർ സി.പിയുടെ സിവിൽ സർവീസ്



ഡി ബാബു പോൾ

തിരുവിതാംകൂർ പ്രജ ആയിട്ടാണ് ജനിച്ചത്. പിൽക്കാലത്ത് ഞങ്ങളുടെ പൊന്നുതമ്പുരാനെ നേരിൽ മുഖം കാണിച്ചപ്പോൾ "അങ്ങയുടെ പ്രജയായിട്ടാണ് അടിയൻ ജനിച്ചത്" എന്നതായിരുന്നു എന്റെ ആദ്യവാക്യം. ഇംഗ്ലീഷിലാണ് പറഞ്ഞത്. അത് 'അടിയൻ' എന്ന പ്രയോഗം ഒഴിവാക്കാനുള്ള കൗശലമായിരുന്നു. ആ ബുദ്ധി എന്റേതല്ല. ടി.സി.എസ്. (ട്രാവൻകോർ സിവിൽ സർവീസ്) ഉദ്യോഗസ്ഥനായി ജോലിയിൽ പ്രവേശിച്ച രാമൻകുട്ടി സാർ വഴി കിട്ടിയ അറിവ് ഞാൻ പ്രയോഗിച്ചു എന്നേ ഉള്ളൂ.

ഐ.സി.എസ്. മാതൃകയിൽ സർ സി.പി. രൂപപ്പെടുത്തിയതായിരുന്നു ടി.സി.എസ്. മഹാരാജാവുമായി വലിയ പ്രായവ്യത്യാസമില്ലാത്ത കുറെ ചെറുപ്പക്കാർ. എസ്.ഗോവിന്ദമേനോൻ, ജോർജ് തോമസ്, സി.തോമസ്, പി.ഐ.ജേക്കബ്, കെ.കെ.രാമൻകുട്ടി, പി.എം.മാത്യു, അബ്ദുൾ സലാം, ജി.ഭാസ്കരൻ നായർ, ഒടുവിലായി സി.പി. രാമകൃഷ്ണപിള്ള, യേശുദാസൻ, പങ്കജാക്ഷൻ എന്നീ മൂന്ന് ഹതഭാഗ്യരും. ഹതഭാഗ്യരുടെ കഥ, എഴുതി വരുമ്പോൾ മറന്നില്ലെങ്കിൽ, പിന്നെ പറയാം.

ഇവരുടെ പരിശീലനത്തിന്റെ ഭാഗമായി ആഴ്ചയിലൊരിക്കൽ ദിവാനോടൊപ്പം കാപ്പികുടിക്കണം: അത് ഒരേസമയം ഒരു പരിശീലനവും ഒരു വിലയിരുത്തലും ആയിരുന്നു. സർ സി.പി.യുടെ ബുദ്ധിയും അരയനായ രാമൻകുട്ടിയോടും ഈഴവനായ ചന്ദ്രഭാനുവിനോടും അഞ്ചാം വേദക്കാരായ ടി.സി.എസ്. കാരോടും ഒപ്പം ഇരുന്ന് ഭക്ഷണം കഴിക്കാനും ഒരു കാരണവരുടെ വാത്സല്യത്തോടെ അവരെ ഗുണദോഷിക്കാനും സമയം കണ്ടെത്തിയ സർ സി.പി.യുടെ 'ഭ്രാന്താലയാതീതചിന്ത'യും അത് തെളിയിക്കുകയും ചെയ്തു.

ഒപ്പം മഹാരാജാവിനൊപ്പം കൊട്ടാരവളപ്പിൽ ടെന്നീസ് കളിക്കാനും സി.പി. സൗകര്യം ഒരുക്കി. അന്ന് സി.പി. നിർദേശിച്ചതാണ് ടെന്നീസ് കോർട്ടിലെ വ്യവഹാര ഭാഷ പന്തും ഇംഗ്ലീഷും മാത്രം ആയിരിക്കുമെന്ന്. 'അടിയൻ' തുടങ്ങിയ നാടുവാഴിത്ത ശൈലികൾ ഒഴിവാക്കാൻ വഴി കണ്ടെത്തിയ മൈലാപ്പൂർ ബുദ്ധി. വർണനും അഞ്ചാം വേദക്കാരനും എന്നല്ല, രാമനാഥനെയും പത്മനാഭനെയും പോലുള്ള സാക്ഷാൽ ബ്രാഹ്മണർക്കും തമ്പുരാൻ അപകടത്തിൽപ്പെട്ട് നിസ്സഹായനായാൽ പോലും 'അടിയൻ ലച്ചിപ്പോം' എന്നല്ലാതെ 'തമ്പുരാന്റെ കാര്യം ഞാനേറ്റു' എന്ന് പറയാനാവുമായിരുന്നില്ലല്ലോ. മലയാളത്തിൽ 'ഞാൻ' എന്നോ 'അങ്ങ്' എന്നോ പറഞ്ഞാൽ ധിക്കാരമാവും. അതുകൊണ്ട് 'ഐ' എന്നും 'യുവർ ഹൈനസ്' എന്നും പറയാൻ ദിവാൻജി നിർദേശിച്ചു. പുതിയ ഒരു തിരുവിതാംകൂറിനെക്കുറിച്ച് താൻ കണ്ട കിനാവുകൾ സാക്ഷാത്കരിക്കാൻ മത്സരപ്പരീക്ഷയിലൂടെ കണ്ടെത്തിയ പ്രതിഭകളെ നവയുഗശില്പികളായി ദൂരെക്കണ്ടു സർ സി.പി. എന്ന ആ മഹാപ്രതിഭ.

ടി.സി.എസിൽ നിയമിക്കപ്പെട്ടവരെ തഹസിൽദാർ ആയിട്ടാണ് നിയമിച്ചിരുന്നത്. രാമൻകുട്ടി സാർ കൊല്ലത്ത് തഹസിൽദാർ ആയിരുന്നപ്പോൾ ഒരു നാട്ടുപ്രമാണി കാണാൻ ചെന്നു. തഹസിൽദാർ ഇരിക്കുന്ന മട്ടിൽ വീടിന്റെ പൂമുഖത്ത് കാലിന്മേൽ കാൽ വെച്ച് ഇരുന്ന യുവാവ് തഹസിൽദാരുടെ ധിക്കാരിയായ മകനായിരിക്കും എന്നാണ് വന്നയാൾ കരുതിയത്. "അച്ഛനില്ലേ, ഒന്ന് കാണണം" എന്നായി കസവുകരയുള്ള നേര്യത് ധരിച്ച സന്ദർശകൻ. അച്ഛൻ മരിച്ചു എന്ന മറുപടി അദ്ദേഹത്തെ അന്ധാളിപ്പിച്ചു. ഇനി ഈ യുവാവ് മകൻ പോലും അല്ല എന്നു വരുമോ? തഹസിൽദാരെയാണ് കാണേണ്ടതെന്ന് അടുത്ത വിശദീകരണം. "ഞാനാണ് തഹസിൽദാർ" എന്ന് രാമൻകുട്ടിസാർ പറഞ്ഞപ്പോൾ സന്ദർശകന് ബോധക്ഷയം ഉണ്ടായില്ല എന്നേ ഉള്ളൂപോൽ. പത്തിരുപത്തിമൂന്ന് വയസ്സ് മാത്രം മതിക്കുന്ന പയ്യൻ തഹസിൽദാരാവുകയോ?

തഹസിൽദാരെന്നല്ല പാർവത്യകാർ എന്ന വില്ലേജ് ഓഫീസർ പോലും ആകാൻ ആ പ്രായം പോരാ എന്ന് ധരിച്ച ഒരു കാരണവരെ ഞാൻ നേരിട്ട് കണ്ടിട്ടുള്ളതിനാലാണ് ഈ കഥ വിശ്വസിക്കാൻ എനിക്ക് വിഷമം തോന്നാതിരുന്നത്.

ക്രിസ്ത്വബ്ദം 1965. തിരുവനന്തപുരത്ത് ഞാൻ 'അസിസ്റ്റന്റ് കളക്ടർ (അണ്ടർ ട്രെയിനിങ്)'. പരിശീലനത്തിന്റെ തുടക്കം വില്ലേജ് ഓഫീസിലാണ്. രണ്ടാഴ്ച വില്ലേജ് ഓഫീസറുടെകൂടെ, ശേഷം രണ്ടാഴ്ച അക്യൂത്ത് (ACUT) തന്നെ പെരുക്കുത്ത്. സാക്ഷാൽ പെരുക്കുത്തിനെ കളക്ടർ അവിടെ നിന്ന് മാറ്റിക്കളയും അക്കാലത്ത്. അങ്ങനെ വഞ്ചിയൂർ പാർവത്യകാരായി കോട്ടയ്ക്കകത്ത് ഇരിക്കുന്ന അവസരത്തിങ്കൽ ഒരു വൃദ്ധൻ എന്തോ കാര്യത്തിന് വന്നു. അദ്ദേഹത്തിനും ഉണ്ടായി 'രാമൻകുട്ടി ശങ്ക'. അത് പരിഹരിച്ചു. മൂപ്പർ ആവശ്യം 'ബോധിപ്പിച്ചു'. 'രണ്ട് ദിവസം കഴിഞ്ഞ് വരുമ്പോഴേയ്ക്ക് അന്വേഷണം പൂർത്തിയാക്കി മറുപടി പറയാം' എന്ന് ഞാൻ 'ഉത്തരവായി'. ഓഫീസിൽ നിന്ന് ഇറങ്ങിയ കാരണവർ ആദ്യത്തെ കല്പടവിൽ തന്നെ ഒന്നു നിന്നു. വെള്ളികെട്ടിയ വടി ഊന്നി മഴക്കോളുണ്ടോ എന്ന് നോക്കുന്ന മട്ടിൽ ആകാശത്ത് മിഴിനട്ട് അങ്ങനെ ഒട്ടുനേരം. പിന്നെ തിരിച്ചുകയറി. വഴക്കിന് വരികയാണോ എന്നൊരു ശങ്ക എനിക്ക് തോന്നി. അദ്ദേഹമാകട്ടെ അനുഗ്രഹിക്കാനായിരുന്നു വന്നത്. "അല്ല, ഈ ഗുരുത്വം കൊണ്ടാണെ, ഇത്ര ചെറുപ്പത്തിലെ പാർവത്യാരായില്ലോ." മര്യാദയ്ക്ക് വർത്തമാനം പറയുന്ന ഉദ്യോഗസ്ഥർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ അവർ ഗുരുത്വമുള്ളവർ എന്ന് വിളിക്കപ്പെടും. ഇങ്ങനെ പറയണം. സർ സി.പി. കുറെ മറ്റിംഗ്ലീഷുകാരെ (മടിക്കുലേഷന് വടക്കൻ തിരുവിതാംകൂറിൽ കേട്ട മംഗ്ലീഷാണ് ഈ മറ്റിംഗ്ലീഷ്) വില്ലേജ് ഓഫീസർമാരായി നിയമിച്ചിരുന്നു. ഇപ്പോൾ സ്റ്റേറ്റ് സിവിൽ സർവീസ് എന്ന പേരിൽ ഡെപ്യൂട്ടി കളക്ടർമാരെ നിയമിക്കുമ്പോലെ ഒരു രണ്ടാംനിര കെട്ടിപ്പടുക്കുകയായിരുന്നിരിക്കണം ആ ദീർഘവീക്ഷണപടുവിന്റെ ലക്ഷ്യം. ആ പരിപാടി പാളിയത് കെ.സി.എസ്. മണിയുടെ പരിപാടി വിജയിച്ചതുകൊണ്ടാണ്. സി.പി. പോയതോടെ ഈ അരഡസൻ സമർത്ഥരുടെ കാര്യമാണ് കഷ്ടത്തിലായത്. അവരൊക്കെ കയറിയ കസേരയിൽ ഇരുന്ന് പിരിഞ്ഞു. അതിലൊരാളെ സസ്പെൻഡ് ചെയ്യാനുള്ള

നിർഭാഗ്യം എനിക്കുണ്ടായി. ആ മനുഷ്യൻ നേരിൽക്കണ്ട് സമാധാനം ബോധിപ്പിക്കാൻ വന്നപ്പോഴാണ് ഈ ചരിത്രം പറഞ്ഞു തന്നത്. അപ്പോഴേയ്ക്ക് അദ്ദേഹം പാർവത്യകാര്യക്കാരുടെ കസേരയിൽ കാൽനൂറ്റാണ്ടോളം ഇരുന്നു മുഷിച്ചിരുന്നു. മാത്രവുമല്ല മലബാറിലെ ഫർക്കാസമ്പ്രദായം തിരുവിതാംകൂർ കൊച്ചിയിലേയ്ക്ക് വ്യാപിപ്പിച്ചതിനാൽ തന്റെ വിദ്യാ



ഭ്യാസയോഗ്യത മാത്രം ഉള്ള താനിലും ഇളയ യു.ഡി.ക്ലർക്കുമാരെ റവന്യൂ ഇൻസ്പെക്ടർമാരായി സഹിക്കേണ്ടിയും വന്നു.

അവരൊന്നും ഈ ഇൻസ്പെക്ടർമാരെ വകവച്ചിരുന്നില്ല എന്നത് വേറെ കാര്യം. എന്റെ വില്ലേജ് ഗുരു ടി.എൻ.കൃഷ്ണൻ നായർ ആയിരുന്നു. നല്ല നർമ്മബോധം. കളക്ടറുടെ മൂക്കിന് താഴെ വഞ്ചിയൂരിൽ തന്നെ വില്ലേജോഫീസറായി നിയമിക്കപ്പെടുവാൻ തക്ക പ്രാഗത്ഭ്യം. ആദ്യദിവസം കൃഷ്ണൻ നായർക്കൊപ്പം ഇരിക്കുമ്പോഴും ഇളംനീല നിറത്തിൽ ജുബാ ധരിച്ച്, അതിന്റെ കൈ പകുതിയോളം തെറുത്തുവച്ച്, ഒരു ചെറുപ്പക്കാരൻ ഓഫീസിൽ വന്നുകയറി. ആദ്യം കൃഷ്ണൻനായരെയും പിന്നെ അദ്ദേഹത്തിന്റെ അനുവാദത്തോടെയെന്നവണ്ണം എന്നെയും തൊഴുതു. എന്നിട്ട് ഇരുപതുംകോലേ പതിനാറ് എന്ന അളവുള്ള ആ 'വിശാലമായ' കച്ചേരിയുടെ ഒരു മൂലയിൽ പോയി അക്കൗണ്ടിനും (വില്ലേജ് അസിസ്റ്റന്റ്) മാസപ്പടിക്കും (വില്ലേജ്മാൻ) നടുവിൽ ഇരുന്നു. ഞാൻ കൃഷ്ണൻനായരോട് അടക്കത്തിൽ ചോദിച്ചു: "ആരാ"? തപാൽ നോക്കുകയും ജമിക്കനം കോമ്പൻസേഷനുള്ള നോട്ടീസുകെട്ടുകൾ കച്ചേരിയുടെ ഒരു മൂലയിലേക്ക് അലക്ഷ്യമായി വലിച്ചെറിയുകയും ചെയ്യുന്നതിനിടെ ഒളിപ്പിക്കാൻ ശ്രമിക്കാതിരുന്ന പുച്ഛത്തോടെ മറുപടി പറഞ്ഞു ഗുരു "ഓ, അത് ഫർക്ക" മലബാറിലായിരുന്നു എന്റെ ഫർക്കാപരിശീലനം. ഭാരതപ്പുഴ കടന്നപ്പോഴാണ് റവന്യൂ ഇൻസ്പെക്ടറുടെ വില അറിഞ്ഞത്. കൃഷ്ണൻനായരും എന്റെ സസ്പെൻഷന് ഇടയായ വർഗീസും ഒക്കെ റെയ്ഡ് ചെയ്യുമോ ഈ ഇനത്തെ! മലബാറിൽ നാട്ടിലെ പ്രമാണി ആയിരുന്നു അംശം അധികാരി. അദ്ദേഹം ബഹുമാനിക്കുന്ന ഫർക്ക ഇൻസ്പെക്ടർ ഒരിക്കലും വെറും 'ഫർക്ക' ആയില്ല.

ഇനി ആ ഹതഭാഗ്യരുടെ കഥ പറയാം. തിരുവിതാംകൂറിലെ ഉദ്യോഗശ്രേണിയുടെ കഥയിലെ തിരിച്ചറിയപ്പെടാത്ത ഒന്നാണ് തുടക്കത്തിൽ സൂചിപ്പിച്ച ജെ.എസ്. യേശുദാസൻ, സി.പി. രാമകൃഷ്ണപിള്ള, എം.എ.പത്മനാഭൻ എന്ന മൂന്നുപേർ. ഭാരതത്തിന്റെ സ്വാതന്ത്ര്യലബ്ധി അല്പം കൂടി വൈകിയിരുന്നെങ്കിൽ ലഭിക്കുമായിരുന്ന പദവികം വിധി അവർക്ക് അന്യമാക്കി.

സ്വാതന്ത്ര്യപ്രാപ്തിയെ തുടർന്ന് നാട്ടുരാജ്യസംയോജനവും പുനഃസംവിധാനവും ഒക്കെ നടന്നുവല്ലോ. നാട്ടുരാജ്യങ്ങളിലെ ഉന്നതോദ്യോഗസ്ഥരെ ഐ.എ.എസ്.ലും ഐ.പി.എസ്.ലും അംഗങ്ങളാക്കി. തിരുവിതാംകൂറിലെ സിവിൽ സർവീസുകാർക്ക് തുടക്കത്തിൽ തന്നെ പ്രശ്നം ഉണ്ടായി. അവരെ തഹസിൽദാർമാർ ആയിട്ടാണല്ലോ നിയമിച്ചിരുന്നത്. ഐ.സി.എസ്.കാർ അസിസ്റ്റന്റ് കളക്ടർമാരായും സി.പി.കരുണാകരമേനോനെ പോലെ ഉള്ളവർ ഡെപ്യൂട്ടി കളക്ടർമാരായും തുടങ്ങിയിരുന്നു ആദ്യംതൊട്ട് തന്നെ. അതുകൊണ്ട് ടി.സി.എസ്. പ്രതികളെ പരിഗണിക്കാനാവുകയില്ല എന്ന നിലപാട് ആയിരുന്നു ആദ്യം. അത് മാറിയപ്പോഴും അവർ അസിസ്റ്റന്റ് പേഷ്ക്കാർ ആയ തീയതി മുതൽ മാത്രമേ സർവീസ് പരിഗണിക്കയുള്ളൂ എന്നായി. അതും മാറ്റിയെടുക്കാൻ തിരുവിതാംകൂർ കൊച്ചിയിലെ സർക്കാരിന് കഴിഞ്ഞു.

എന്നാൽ അവിടെ മറ്റൊന്ന് സംഭവിച്ചു. ഇവരെയൊക്കെ വീണ്ടും ഇന്റർവ്യൂ ചെയ്തു കേന്ദ്രം. അവർ അംഗീകരിച്ചവരെ മാത്രം ഐ.എ.എസ്. ൽ എടുത്തു. വീണ്ടും സമ്മർദ്ദം ചെലുത്താൻ കഴിഞ്ഞതിനാൽ ബാക്കിയുള്ളവരെയും എടുത്തു. ഒരാൾ ഒഴികെ. അവർ ലിസ്റ്റ് I, ലിസ്റ്റ് II എന്നിങ്ങനെ വർഗ്ഗീകരിക്കപ്പെട്ടു. അപ്പോഴും ടി.സി.എസ്. ലെ മൂന്നാം ബാച്ചുകാരൻ ഒന്നാം ബാച്ചുകാരന്റെ മുകളിൽ ആകുന്ന അവസ്ഥവരെ ഉണ്ടായി. അത് ബുദ്ധിമുട്ടായപ്പോഴാണ് രണ്ട് ലിസ്റ്റുകളും കൂട്ടിച്ചേർത്ത് പഴയ ടി.സി.എസ്. സീനിയോറിറ്റി പുനഃസ്ഥാപിച്ചു. ഏതാണ്ട് അപ്പോഴേയ്ക്കും ഒഴിവാക്കപ്പെട്ടയാൾക്ക് സ്റ്റേറ്റ് സിവിൽ സർവീസിൽ നിന്നുള്ള പ്രൊമോഷനും ലഭിച്ചു.

ഇതൊക്കെ നടക്കുമ്പോഴും ടി.സി.എസ്. ലെ അവസാനത്തെ ബാച്ചുകാർ കളത്തിന് പുറത്തായിരുന്നു. ടി.സി.എസ്. ഇല്ലാതായതിനാൽ തഹസിൽദാർമാരായി നിയമിക്കപ്പെട്ട മൂന്ന് പേർക്കും മറ്റ് തഹസിൽദാർമാർക്കൊപ്പം ക്യൂവിൽ നിന്ന് മാത്രമേ ഡെപ്യൂട്ടി കളക്ടർമാർ ആകാൻ കഴിഞ്ഞുള്ളൂ. സംസ്ഥാനസർക്കാർ അവർക്കൊപ്പം നിന്നെങ്കിലും കേന്ദ്രം വഴങ്ങിയില്ല. ഒടുവിൽ രാജൻ എന്ന തിരു കൊച്ചി ചീഫ് സെക്രട്ടറി കേന്ദ്രത്തിലെ അധികാരികളെ പറഞ്ഞു സമ്മതിപ്പിച്ചു, ഒരിക്കൽക്കൂടെ പുനഃപരിശോധന ആവശ്യപ്പെട്ട് എഴുതാമെന്ന് രാജനും അങ്ങനെ കത്ത് കിട്ടുമ്പോൾ പുനഃപരിശോധന നടത്തി അവരെക്കൂടെ റഗുലർ റിക്രൂട്ട് ഇനത്തിൽ പെടുത്താമെന്ന് കേന്ദ്രവും സമ്മതിച്ചു.

അപ്പോഴേയ്ക്കും പട്ടത്തിന്റെ മന്ത്രിസഭ വീണു. പനമ്പള്ളി മുഖ്യമന്ത്രിയായി. തിരു കൊച്ചി സംയോജനത്തിന് തൊട്ടുമുൻപ് കൊച്ചിയിലെ ഉദ്യോഗസ്ഥരെ കൺഫർമേഷൻ എന്ന ഐവർ ജന്നിംഗ്സിലൂടെ രക്ഷിച്ച് ടി.പി. ജോസഫിനെയും പി.കെ.ത്രേസ്യയെയുമൊക്കെ തിരുവിതാംകൂറിലെ സീനിയർ എൻജിനിയർമാരുടെ തലയ്ക്ക് മുകളിൽ പ്രതിഷ്ഠിച്ച ബുദ്ധിരാക്ഷസനായിരുന്നു പനമ്പള്ളി. എന്നാൽ കൊച്ചിയിൽ ഒരു സ്റ്റേറ്റ് സിവിൽ സർവീസ് ഉണ്ടായിരുന്നില്ല.

അതുകൊണ്ട് എം.എം. വർക്കിയെയും എം.കെ.ദേവസിയെയും ഭാസ്കരമേനോനെയും ഒക്കെ പോലെ വളരെ ചുരുക്കം പേരെ ഒഴിച്ചാൽ ഐ.എ.എസ് ലോ ഐ.പി.എസ്. ലോ കൊച്ചിക്കാർ ഉണ്ടായിരുന്നില്ല. അപ്പോഴാണ് മൂന്ന് ടി.സി.എസ്. കാരെ രക്ഷിക്കാനുള്ള നിർദേശവുമായി ഫയൽ പനമ്പള്ളിയുടെ മുന്നിൽ എത്തിയത്. പനമ്പള്ളി എഴുതി : 'ദിസ് ഇസ് എ ക്ലാസിക്കൽ അറ്റംപ്റ്റ് ടു സ്മഗിൾ ഇൻറു ഐ.എ.എസ്. ത്രീ മോർ ട്രാവൻകൂറിയൻസ്. വീ നീഡ് നോട്ട് സീക്ക് റിവ്യൂ. ക്ലോസ് ദ ഫയൽ'. ഡി.. രാമുണ്ണി നായർ സാർ കഴിഞ്ഞ് ചീഫ് സെക്രട്ടറി ആകേണ്ടിയിരുന്ന യേശുദാസനും തൊട്ടുപിറകെ വരേണ്ടിയിരുന്ന സി.പി.രാമകൃഷ്ണപിള്ളയും പന്ത്രണ്ട് വർഷം പിറകിലായി. പ്രിൻസിപ്പൽ സെക്രട്ടറി പോലും ആകാതെ പിരിഞ്ഞു.

'ദൈവഹിതം' എന്ന നിർമമത നിറഞ്ഞ പ്രതികരണത്തിൽ യേശുദാസൻ ആശ്വാസം കണ്ടു. രാമകൃഷ്ണപിള്ള സാർ അവസാനം വരെ ഈ ദുരവസ്ഥയോട് 'സാഗരഃ തൃണോൽക്കയാ താപയിതും നഹിശക്യം' എന്ന ആപ്തവാക്യം അനുസ്മരിപ്പിച്ച് സംയമനം പാലിച്ചു. പൂർണമായി പൊരുത്തപ്പെട്ടില്ലെങ്കിലും. നേരിൽ പരിചയപ്പെടാൻ എനിക്ക് ഭാഗ്യം ഉണ്ടായില്ല. പത്മനാഭൻ അകാലത്തിൽ നിര്യാതനായെന്നു; വിധിവിഹിതമേവന്യം ലംഘിച്ചുക്കൂടുമോ?